# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചളവറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD-16/1187/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചളവറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചളവറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD-16/1187/22 തീയ്യതി: 13/07/2022

## പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 02-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 04-04-2022 | 11-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-04-2022 | 11-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യു. ബിജു ആന്റണി., ഓഡിറ്റ് ഓഫീസർ,
ശ്രു. കെ.സി.ഹരിഗോബിന്ദ്, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.വി.രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. എം.വി.ബിന, സീനിയർ ഗ്രേഡ് ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വത്സല .പി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ബിനു വർഗീസ് | സെക്രട്ടറി | 01-04-2019 | 11-07-2021 |
| ശ്രീമതി.നിസ്സാമോൾ .എം.പി. | സെക്രട്ടറി | 12-07-2019 | 22-09-2019 |
| ശ്രീമതി. ഗ്ലോറി.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2019 | 13-10-2019 |
| ശ്രീമതി.നിസ്സാമോൾ .എം.പി. | സെക്രട്ടറി | 14-10-2019 | 14-11-2019 |
| ശ്രീമതി. ഗ്ലോറി.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-11-2019 | 08-12-2019 |
| ശ്രീമതി.നിസ്സാമോൾ .എം.പി. | സെക്രട്ടറി | 09-12-2019 | 12-12-2019 |
| ശ്രീമതി. ഗ്ലോറി.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-12-2019 | 29-12-2019 |
| ശ്രീമതി. ശ്രീദേവി.എൻ.കെ | സെക്രട്ടറി | 30-12-2019 | 31-01-2020 |
| ശ്രീമതി. ഗ്ലോറി.ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2020 | 05-02-2020 |
| ശ്രീ. ഫാസിൽ ഷാ | സെക്രട്ടറി | 06-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിജി ജോസ്. | അസി.എഞ്ചിനീയർ | 01-04-2019 | 28-07-2019 |
| ശ്രീ. സനകൻ | അസി.എഞ്ചിനീയർ | 29-07-2019 | 30-07-2019 |
| ശ്രീ. വിഷ്ണു. | അസി.എഞ്ചിനീയർ | 01-08-2019 | 30-08-2019 |
| ശ്രീ. സനകൻ | അസി.എഞ്ചിനീയർ | 31-08-2019 | 31-03-2020 |
| ശ്രീ. പ്രതീഷ് .വി.വി. | അസി. സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീമതി. ഗ്ലോറി.ഡി | അസി. സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീമതി. മീര.എ.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. സുജിത്ത്. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ധനേഷ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-01-2020 |
| ഡോ.ലീയാക്കത്ത് അലി. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ . ഷമീർ ബാബു. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.അനരൂപ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതിഅപർണ | കൃഷി ഓഫീസർ | 01-04-2019 | 22-09-2019 |
| ശ്രീമതിസ്വാതി പി.എസ്. | കൃഷി ഓഫീസർ | 23-09-2019 | 31-03-2020 |
| ശ്രീ.വിജയൻ.കെ. | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രസന്ന.ടി.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-12-2019 |
| ശ്രീമതി. ഉമൈബ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-01-2020 | 31-03-2020 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1 |
| 2 | ബജറ്റ് - നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-1 |
| 3 | റിവൈസ്ഡ് ബജറ്റ്.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-1-1 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 23-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-2 |
| 5 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 23-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-2-1 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 19-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: M.V.Beena (Senior Grade Auditor, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-8 |
| 12 | ആഭ്യന്തിരനിയന്ത്രണം.<br>Written By: Biju Antony (Audit Officer, On 16-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-10 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: M.V.Beena (Senior Grade Auditor, On 26-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-11 |
| 15 | തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: M.V.Beena (Senior Grade Auditor, On 26-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-12 |
| 16 | വെള്ളക്കരം - കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ | 1-13 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 26-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | |
| 17 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാരിക്ക് അവധി അനുവദിച്ചത് ക്രമപ്രകാരമല്ല<br>Written By: K.V.Rajan (Senior Grade Auditor, On 01-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-14 |
| 18 | തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിക്ക് തുക കൈമാറൽ - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 01-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-15 |
| 19 | ബില്ലുകൾ/വൗച്ചറുകൾ തയ്യാറാക്കുന്നതിന് കൃത്യതയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 01-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-16 |
| 20 | ധന വിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-17 |
| 21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-18 |
| 22 | സ്റ്റാന്റിംഗ് കമ്മിറ്റികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Biju Antony (Audit Officer, On 19-05-2022) | 1-19 |
| 23 | ഗ്രാമ സഭ – അവലോകനം.<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-20 |
| 24 | കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു<br>Written By: Biju Antony (Audit Officer, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-21 |
| 25 | മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.<br>Written By: Biju Antony (Audit Officer, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-22 |
| 26 | മത്സരാധിഷ്ഠിത ടെണ്ടറുകൾ ഫലപ്രദമായി നടത്തുന്നതിലൂടെ സാമ്പത്തികമായ നേട്ടം കൈവരിക്കുന്നു.<br>Written By: Biju Antony (Audit Officer, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-23 |
| 27 | മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം<br>Written By: Biju Antony (Audit Officer, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-24 |
| 28 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 16-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-25 |
| 29 | പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 16-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-4 |
| 5 | വായ്പ, വായ്പാ തിരിച്ചടവ്.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 17-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 17-05-2022)<br>Last Updated By: Biju Antony (Audit Officer, On 17-05-2022) | 4-9 |
| 10 | പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 17-05-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 13-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം. | |

## ഭാഗം -1

## പൊതു അവലോകനം

### 1 ബജറ്റ്

ഭരണസമിതിയുടെ 27.02.2019 ലെ 1-ാം നം. തീരുമാന പ്രകാരം ബജറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ട്.

ബജറ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 2,27,23,820 |
| വരവ് | 4,88,72,6,733 |
| ആകെ | 5,11,450,553 |
| ചെലവ് | 48,87,32,710 |
| നീക്കിയിരിപ്പ് | 22,717,843 |

### 1-1 ബജറ്റ് - നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ.

നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിറ്റുകൾ അനുവദനീയമായ സമയക്രമത്തിനുള്ളിൽ സമർപ്പിച്ച് നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തതായോ കണ്ടില്ല. വിശദവിവരങ്ങൾ :

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമ പഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2019 ഡിസംബർ 15-ന് മുൻപ് | 4.02.2019 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടക സ്ഥാപനങ്ങൾ സമർപ്പിക്കൽ | 2019 ജനവരി 15-ന് മുൻപ് | 4.02.2019 |
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2019 ജനവരി 25-ന് മുൻപ് | 4.02.2019 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2019 ഫെബ്രുവരി 1-ന് മുൻപ് | 4.02.2019 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2019 ഫെബ്രുവരി 28-ന് മുൻപ് | 4.02.2019 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2019 മാർച്ച് 1-ന് മുൻപ് | 4.02.2019 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2019 മാർച്ച് 7-ന് മുൻപ് | 4.02.2019 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2019 മാർച്ച് 31-ന് മുൻപ് | 4.02.2019 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214,സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 /ത.സ്വ.ഭ.വ തിയതി 02.12.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ

താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു :

1.അടുത്ത വർഷത്തേക്കുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനുവരി 15 -നു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2.മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നത് മുമ്പ് തന്നെ പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

3.സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 പ്രകാരം മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നും ഏതൊരു പ്രതീക്ഷിത വ്യത്യാനങ്ങളോടൊപ്പവും വിശദമായ കുറിപ്പുകൾ വേണം എന്ന് ഉറപ്പാക്കേണ്ടതാണ്.

4.3.2.02.12.2016 ലെ വകുപ്പ് 214(7) പ്രകാരം ബജറ്റ് പാസ്സാക്കിയതിന് ശേഷം സർക്കാരിനും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും, ഓഡിറ്റർക്കും അയക്കേണ്ടതാണ്.

ഭാവിയിൽ ബജറ്റ് പാസ്സാക്കുമ്പോൾ പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

### 1-1-1 റിവൈസ്ഡ് ബജറ്റ്.

1994 പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214(5) പ്രകാരം വരവ്, ചെലവുകളെ സംബന്ധിച്ച് ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തുവാൻ അനിവാര്യമെങ്കിൽ അനുപൂരകമോ, പുതുക്കിയതോ ആയ ഒരു ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

ഭരണസമിതിയുടെ 11.03.2020 ലെ 3-ാം നം തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ:

| | |
|---|---|
| മുന്നിരിപ്പ് | 2,27,23,420 |
| വരവ് | 46,60,03,313 |
| ആകെ | 48,87,26,733 |
| ചെലവ് | 48,76,14,312 |
| നീക്കിയിരിപ്പ് | 11,12,421 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 29-5-2020 | | |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ഹഡ്കോ ഭവന വായ്പയ്ക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് വരുന്നില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ യതാർത്ഥ മൂല്യം ചേർത്ത് സൂക്ഷിച്ച് വരുന്നില്ല.

4.പ്രോപ്പർട്ടി ടാക്സ് അരിയേർസ്, കറണ്ട്, പ്രൊഫഷനൽ ടാക്സ് ഫോർ ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡേർസ്, എന്നിയുടെ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടിയ DCB രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5.റെന്റ് ഫ്രം ഓഡിറ്റോറിയംസ്, അതർ റെന്റ് (2020-2021) എന്നിവയുടെ രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

6.ഓഡിറ്റ് റിക്കവറി രജിസ്റ്റർ AFS ലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7.പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ വരവ്/ചെലവുകൾക്കായുള്ള പ്രത്യേക ക്യാഷ് ബുക്ക്

ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,34,41,498-00 |
| വരവ് | 6,13,13,985-00 |
| ആകെ | 8,47,55,483-00 |
| ചെലവ് | 6,70,36,912-00 |
| നീക്കിയിരിപ്പ് | 17,71,8,571-00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 1,06,63,971 | 1,06,63,971 | 8,40,5,490 | 2,25,8,481 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 1,27,36,824 | 1,27,36,824 | 7,76,2,354 | 49,74,470 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 16,898,000 | 16,898,000 | 7,18,2061 | 9,71,5,939 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 3,62,0,000 | 3,62,0,000 | 1,82,5,112 | 1,79,4,888 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ /അൺടൈഡ് ബേസിക്ക് ഗ്രാന്റ് (ACR പ്രകാരം) | | - | 7,95,2,961 | 7,95,2,961 | 3,35,8,403 | 4,59,4558 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ /ടൈഡ് ബേസിക്ക് ഗ്രാന്റ് (ACR പ്രകാരം) | | - | - | - | - | - |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) TSC | | 2577155 | - | 2577155 | 135000 | 2442155 |
| ICDS | | 502810 | - | 502810 | 224534 | 278276 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | - | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 6407163 | 6082337 | 12489500 | 3936884 | 8552616 |
| | ജില്ലാ പഞ്ചായത്ത് | 2786211 | 2189369 | 4975580 | 3271709 | 1703871 |
| ബി ഫണ്ട് | | - | 18487680 | 18487680 | 18487680 | Nil |
| ജനറൽ പർപ്പസ് ഗ്രാന്റ് | | - | 9981942 | 9981942 | 2849346 | 7132596 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3334996 | 572339 | 3907335 | Nil | 3907335 |
| | | 2330759 | - | 2330759 | 1045277 | 1285482 |
| | ട്രഷറി അക്കൗണ്ട് | 1689919 | 1700781 | 3390700 | Nil | 3390700 |

1.ബി-ഫണ്ട് .AFS-ലെ റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിലുള്ള ബി-ഫണ്ട് തുകകൾ ഉൾപ്പെടുത്തിയാൽ മതി.

2.ACR കണക്കുകൾ പ്രകാരം GPG അക്കൗണ്ടിലുള്ള പ്ലാൻ ഫണ്ടുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 181 | 10,87,13,1,381 | 95 | 48,74,2,011 | Nil | 86 | 52 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 04 | 03 | 55,75,000 | 50,45,776 | 90.51 |
| വി.ഇ.ഒ. | 13 | 09 | 4,09,29,144 | 2,22,57,771 | 54.38 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05 | 04 | 47,96,500 | 30,83,715 | 64.29 |
| സെക്രട്ടറി | 26 | 13 | 95,11,028 | 34,21,369 | 35.97 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 118 | 54 | 37,261,509 | 13,15,5,906 | 35.31 |
| മെഡിക്കൽ ഓഫീസർ - പി.എച്.സി | 01 | 01 | 6,00,000 | 5,76,922 | 96.15 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 01 | 01 | 4,00,000 | 3,45,498 | 86.37 |
| മെഡിക്കൽ ഓഫീസർ | 01 | 01 | 10,00,000 | 10,00,000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 08 | 05 | 49,10,000 | 34,48,351 | 70.23 |
| വെറ്ററിനറി സർജ്ജൻ | 04 | 04 | 37,30,000 | 14,04,994 | 37.67 |
| ആകെ | 181 | 95 | 10,87,13,1,381 | 48,74,2,011 | 44.84 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 194 | 1277099 | 1277293 | 1277293* | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 9586769 | 9586769 | 9586769 | |
| ആകെ | 194 | 10863868 | 10864062 | 10864062 | 0 |

* 325415 രൂ. ചെലവും 951878 രൂപയും (അഡ്വാൻസ് റീക്രൂപ്പ്മെന്റ്) ചേർന്ന തുക.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16680/- | - |
| കർഷകതൊഴിലാളി പെൻഷൻ | 19,01,400/- | 305 |
| വിധവാപെൻഷൻ | 62,70,600/- | 810 |
| വാർദ്ധക്യകാലപെൻഷൻ | 94,81,800/- | 1561 |
| വികലാംഗപെൻഷൻ | 18,49,400/- | 312 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,17,200/- | 103 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-04-2022 തിയ്യതിയിൽ സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3389 /- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തിരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ2019- 2020വരെ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2019-20, 2020-21 വർഷങ്ങളിലെ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

പ്രൊക്യൂർമെന്റ്കമ്മിറ്റിയുടെഅംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.03.2022 | 2022 ഫെബ്രുവരി | 22.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.2009 മുതൽ 3.08.2009 വരെ | 2004-05 മുതൽ 2008-09 | 16.09.2009 |

1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

ചളവറ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തികവർഷത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കിനൽകുകയോ ചെയ്തതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). പഞ്ചായത്ത് പരിധിയിൽ റേഷൻ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻഡിപ്പോകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ(നം-11/21.04.2022)ത്തിന് മറുപടിയായി, റേഷൻ കടകൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2). ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല..

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിസൂക്ഷിക്കേണ്ടതും കൃത്യമായ പരിശോധന നടത്തി ഫലം പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വ്യാപാരസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 11/ 21.04.2022 ) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-12 തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.ചളവറ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ . കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1). മോളൂർ സെൻട്രൽസ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരിയുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധവർഷവരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ശ്രീദേവി. പി | PGT | 77100 | 600 | 750 | 150 |

ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കുറവ് വന്ന തൊഴിൽനികുതി തുകയായ /- 150രൂപ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് അധികൃതർ ബോധിപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം –നം 1/11.04.2022).

2). പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോസ്റ്റ് ഓഫീസ് മുണ്ടക്കോട്ടുകുറിശ്ശി | ഒന്നാം അർദ്ധവർഷം |

ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അധികൃതർ ഓഡിറ്റ് അന്വേഷണ ( നം 1/11.04.2022). ) ത്തിനുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

3).പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പ്രതീക്ഷ ബഡ്സ് സെന്റർ | രണ്ടാം അർദ്ധവർഷം |
| റിതി ഡെന്റൽ ക്ളിനിക്ക് | രണ്ടാം അർദ്ധവർഷം |
| കല്പക ക്രഷ് മെറ്റൽ | രണ്ടാം അർദ്ധവർഷം |
| മോളൂർ സെന്ട്രൽ സ്കൂൾ | രണ്ടാം അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ് മുണ്ടക്കോട്ടുകുറിശ്ശി | രണ്ടാം അർദ്ധവർഷം |
| കയിലിയാട് ക്ഷീരോല്പാദക സഹകരണസംഘം | രണ്ടാം അർദ്ധവർഷം |
| വള്ളുവനാട് ഇംഗ്ളീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധവർഷം |
| ഗോൾഡൻ മൗൾഡിംഗ്സ് | രണ്ടാം അർദ്ധവർഷം |
| സിൽവർ മൗൾഡിംഗ്സ് | രണ്ടാം അർദ്ധവർഷം |
| ഡയമണ്ട് മൗൾഡിംഗ്സ് | രണ്ടാം അർദ്ധവർഷം |

ടി സ്ഥാപനങ്ങളുടെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അധികൃതർ ഓഡിറ്റ് അന്വേഷണ ( നം -1/11/04.2022 ) ത്തിനുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

4). താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | BSNL ചളവറ | I , II |
| 2 | ചളവറ മിൽക്ക് സൊസൈറ്റി | I , II |
| 3 | വി.പി പെട്രോളിയം കയിലിയാട് | I , II |
| 4 | കയിലിയാട് ക്ളീരോല്പാദക സഹകരണ സംഘം | I , II |
| 6 | PNY ഫൈനാൻസ് , കയിലിയാട് | I , II |
| 7 | മാവേലി സ്റ്റോർ കയിലിയാട് | I , II |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.1/11-04-2022)

5). കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ കരാർ പ്രവൃത്തികൾ എഗ്രിമെന്റ് വെയ്ക്കുകയും ആയവ നടത്തുകയും ചെയ്തുവരുന്ന അംഗീകൃത കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.1/11-04-2022)

6). റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ അടവാക്കിയിട്ടില്ല . ടി ജീവനക്കാരുടെ തൊഴിൽനികുതി , റേഷൻകടകളുടെ സ്ഥാപനനികുതി എന്നിവ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.1/11-04-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതിയും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-13 വെള്ളക്കരം - കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് നേരിട്ട് 8 കുടിവെള്ള പദ്ധതികൾ നടത്തി വരുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം (ഗാർഹികം) |
|---|---|---|
| 1 | കൈതേരിക്കുന്ന് കുടിവെള്ള പദ്ധതി | 158 |
| 2 | കയിലിയാട്-ചാലിയാംകുന്ന്കുടിവെള്ളപദ്ധതി | 251 |
| 3 | നടുത്തൊടിപറമ്പ് കുടിവെള്ളപദ്ധതി | 12 |
| 4 | കിളിഞ്ചിരിക്കുന്ന് കുടിവെള്ളപദ്ധതി | 31 |
| 5 | പട്ടത്തിൽ കുടിവെള്ളപദ്ധതി | 15 |
| 6 | കളത്തിൽകുന്ന് കുടിവെള്ള പദ്ധതി | 12 |
| 7 | കുറുത്തൊടി കുടിവെള്ള പദ്ധതി | 21 |
| 8 | ചോലയിൽത്തൊടി കുടിവെള്ള പദ്ധതി | 15 |

ഡിമാന്റ് രജിസ്റ്റർ പ്രകാരം വെള്ളക്കരം ഇനത്തിൽ 2019-20 വർഷത്തിൽ ആകെ 87718 /- രൂപ ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

മേൽ കുടിവെള്ള പദ്ധതികളിലായി നിലവിൽ ആകെ 515 ഗുണഭോക്താക്കളുണ്ട് (ഗാർഹികം - 515, ഗാർഹികേതരം - 0) . പ്രതിമാസ വെള്ളക്കരമായി ഗാർഹികാവശ്യത്തിന് 100/- രൂപ ( 10000 ലിറ്റർ വരെ ഉപയോഗിക്കുന്നതിന് 100 രൂപ മിനിമം ചാർജ്ജും 10000 ലിറ്ററിൽ കൂടുതൽ ഉപയോഗിക്കുന്ന ഓരോ 1000 ലിറ്ററിനും 15 രൂപ അഡീഷണൽ ചാർജ്ജും ) / നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഗാർഹികേതരഗുണഭോക്താക്കൾ ഇല്ല . വാട്ടർ ചാർജ്ജ് കണക്ഷനുകൾക്ക് മീറ്ററിങ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതിമാസം മീറ്റർ റീഡർ മീറ്ററുകളുടെ റീഡിംഗ് രേഖപ്പെടുത്തി ഡിമാന്റ് നൽകുന്നുണ്ട്.

നിലവിൽ വെള്ളക്കരം ഇനത്തിൽ 87718 /- രൂപ കുടിശ്ശികയുള്ളത് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനായി ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം- 5 തീയതി 18.04.2022 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിരമായി കുടിശ്ശിക ഈടാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാരിക്ക് അവധി അനുവദിച്ചത് ക്രമപ്രകാരമല്ല

പ്രൊജക്ട് നമ്പർ- 182/20- ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ -ഹോണറേറിയം

അടങ്കൽ :രു.783900.00 ( വികസന ഫണ്ട് )

ചെലവ്- രൂ.718575.00

ഭരണ സമിതിയുടെ 14.8.18ലെ 13 (1) തീരുമാന പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ആയ കം കുക്ക് ശ്രീമതി.യു.ലളിതക്ക് Diploma In Special Education -MR കോഴ്സ് പഠിക്കുന്നതിനായി , അവധി എടുക്കുന്ന ദിവസങ്ങളിൽ സ്വന്തം നിലക്ക് പകരം ക്രമീകരണം ഏർപ്പെടുത്തണമെന്ന വ്യവസ്ഥയിൽ മാസത്തിൽ 5 ദിവസം വീതം അവധി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് താഴെ പറയുന്ന ദിവസങ്ങളിൽ അവധി അനുവദിക്കുകയും പ്രസ്തുത ദിവസങ്ങളുൾപ്പെടെ പ്രതിമാസ ഹോണറേറിയം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| 1-4-19 To 5.4.19 | 5 ദിവസം |
| 13.2.19 To 17.5.19 | 5 ദിവസം |
| 6.6.19 To 7.6.19 | 2 ദിവസം |
| 24.6.19 To 28.6.19 | 5 ദിവസം |
| 5.8.19 To 8.8.19 | 4 ദിവസം |
| 18.9.19 To 24.8.19 | 5 ദിവസം |
| 14.10.19to 18.10.19 | 5 ദിവസം |
| 6.11.19 To 8.11.19 | 3 ദിവസം |
| 9.12.19 To 13.12.19 | 5 ദിവസം |
| 6.1.20 To 9.1.20 | 4 ദിവസം |
| 10.2.20 To 14.2.20 | 5 ദിവസം |
| 2.3.20 To 5.3.20 | 4 ദിവസം |
| ആകെ | 52 ദിവസം |

സർക്കാർ ഉത്തരവ് ( എം എസ്) 20/2018 തീ 7.2.18 ഖണ്ഡിക 14 പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാരുടെ അർഹമായ അവധികൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനു വിരുദ്ധമായി അവധി അനുവദിക്കുകയും, ഹോണറേറിയം നൽകുകയും ചെയ്തത് ക്രമപ്രകാരമല്ല.

അവധി അനുവദിച്ചതിനും , അവധി കാലയളവിൽ വേതനം നൽകിയതിനും ഭരണവകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുമായി വേതനം,അവധി തുടങ്ങിയവ സംബന്ധിച്ച മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതുമാണ്.

## 1-15 തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിക്ക് തുക കൈമാറൽ - രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ- 24/20- തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിക്ക് തുക കൈമാറൽ

അടങ്കൽ : രൂപ. 350000.00 (തനത് ഫണ്ട്)

ചെലവ്- രൂ.350000.00 ( ചെക്ക് നം TRY 5021279 തീ.12.7.19)

നിർവഹണം-വെറ്ററിനറി സർജൻ

സുലേഖയിലെ ചെലവ് റിപ്പോർട്ട് പ്രകാരം വെറ്ററിനറി സർജൻ ഈ പ്രൊജക്ട് നിർവ്വഹിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ,പ്രൊജക്ടിന്റെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും രൂ.350000.00 ജില്ലാ പഞ്ചായത്തിന് കൈമാറിയതിന്റെ വിശദാംശങ്ങൾ, കൈമാറിയ തുകക്കുള്ള കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 8/20.4.22 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ( വൗച്ചർ നം 21900303 തീ. 12.7.19)

മതിയായ രേഖകൾ ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ രൂ.350000.00 ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ബില്ലുകൾ/വൗച്ചറുകൾ തയ്യാറാക്കുന്നതിന് കൃത്യതയില്ല

പ്രൊജക്ട് നമ്പർ- 145/20- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം ( ജനറൽ)

അടങ്കൽ :രൂ.17064275.00

ചെലവ്- രൂ. 11830442.00

നിർവഹണം-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

മേൽ പ്രൊജക്ടിന്റെ നടത്തിപ്പിനായി KURDFC വായ്പ തുകയിൽ നിന്നും 24.2.20 ന് NEFT ട്രാൻസ്ഫർ മുഖേന ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 47 ലക്ഷം രൂപ പിൻവലിച്ചിട്ടുണ്ട്. നിർവ്വഹണോദ്യഗസ്ഥന്റെ കാഷ് ബുക്കിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. വെബ് സാംഖ്യയിലെ ബിൽ പ്രകാരം ഈ തുക വനജകുമാരി എന്ന ഗുണഭോക്താവിനാണ് നൽകിയിരിക്കുന്നത്.

ഈ ബിൽ പ്രകാരം പിൻവലിച്ച തുകയുടെ വൗച്ചർ നമ്പർ, തീയതി, ചെലവിന്റെ വിശദാംശങ്ങൾ മുതലായവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 6/20.4.22 നൽകിയിരുന്നു. ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറിയുടെ താഴെ ചേർത്ത ചെലവ് വൗച്ചറുകൾ പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് കൈമാറിയ തുകകളുടെ ചെലവ് തുക വെബ് സാംഖ്യയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി തയ്യാറാക്കിയതായിരുന്നു പ്രസ്തുത ബില്ലെന്നാണ്.

| ക്രമ നം. | വൗച്ചർ നം.&തീയതി | തുക | SBI A/c No. 57063721201 ൽ പിൻവലിച്ച തീയതി |
|---|---|---|---|
| 1 | 830178/26.4.19 | 4260000.00 | 3.5.2019 |
| 2 | 530179/26.4.19 | 60000.00 | 29.4.19 |
| 3 | 830180/27.4.19 | 380000.00 | 28.6.19 |

ഇത്തരത്തിൽ ബില്ലുകൾ/വൗച്ചറുകൾ തയ്യാറാക്കി പണം കൈമാറുകയും, കൃത്യതയില്ലാതെ കാഷ് ബുക്ക് പരിപാലിക്കുന്നതും ക്രമ പ്രകാരമല്ല.

28.03.2011 ലെ SRO നമ്പർ 266/2011 നമ്പർ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ച 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ , കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം സാമ്പത്തിക ഇടപാടുകൾ നടത്തേണ്ടതാണ്.

1-17 ധന വിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി അംഗീകാരം ലഭ്യമാക്കി നിർവ്വഹിച്ച പ്രൊജക്ടിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0158/21 |
| പേര് | പഞ്ചായത്ത് റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ. |
| വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) | 1,30,576/- |
| വികസന ഫണ്ട് (ജനറൽ) | 3,00,000/- |
| ആകെ | 4,30,576/- |

ചെലവിന്റെ വിശദവിവരങ്ങൾ :

| ബിൽ നം. തീയതി | ചെലവ് |
|---|---|
| 27/20-21/27/11/2020 | 31,459/- |
| 2/20-21/19/05/2020 | 70,732/- |
| 7/20-21/16/06/2020 | 59,844/- |
| ആകെ | 1,62,035/- |

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ വാർഡുകളിലെ റോഡ് നവീകരണത്തിന്റെ ഭാഗമായി പഞ്ചായത്ത് റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കോതക്കുറിശ്ശിയിലെ KSEB യുടെ 57061185793 എന്ന അക്കൗണ്ട് നമ്പറിലേക്ക് NEFT ലൂടെ 1,62,035/- രൂപ കൈമാറിയിട്ടുണ്ട്.(11.04.2022 ലെ അന്വേഷണ നം.4)

പ്രസ്തുത പദ്ധതി വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

പഞ്ചായത്ത് തലങ്ങളിൽ കോവിഡ് വ്യാപനം തടയുന്നതിനായി CFLTC പ്രവർത്തനങ്ങൾ 14.05.2020 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.ടിൻ കോളജ് ഹോസ്റ്റലിലാണ് CFLTC പ്രവർത്തിച്ച് വന്നിരുന്നത്.ലോക്ക് ഡൗണിനെ തുടർന്ന് കമ്യൂണിറ്റി കിച്ചനും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.180 വളണ്ടിയർമാരുടെ സേവനം ലഭ്യമാക്കുവാൻ സാധ്യമായിട്ടുണ്ട്.പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഓഫീസ്, കൺട്രോൾ റൂം, ആംബുലൻസ് എന്നിവ 24 മണിക്കൂറും ലഭ്യമാക്കി വന്നിട്ടുണ്ട്.ലോക്ക് ഡൗൺ വേളയിൽ 300 ഓളം ഭക്ഷണ പൊതികൾ വിതരണം ചെയ്യുന്നതിനും, ഒരേ സമയത്ത് 152 പേരേ CFLTC യിൽ ക്വാറന്റൈൻ ആയി താമസിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.ആദ്യ ഘട്ട കോവിഡ് പ്രവർത്തനങ്ങൾ CFLTC 22.06.2020 മുതൽ നിർത്തലാക്കിയിട്ടുണ്ട്.2020 ജൂലൈ മാസത്തോടെ വീണ്ടും കോവിഡ് കേസുകൾ സംജാതമായതിനാൽ ഡി.സി.സി. പ്രവൃത്തനങ്ങൾ ആരംഭിക്കുകയും, രണ്ടാം കോവിഡ് വ്യാപനം നിയന്ത്രണ വിധേയമായതിനാൽ ഡി.സി.സി. പ്രവൃത്തനങ്ങൾ 2020 സെപ്റ്റംബർ മുതൽ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.2021 ജൂലൈ 28 മുതൽ മൂന്നാം ഘട്ട കോവിഡ് വ്യാപകമായതിനാൽ ഡി.സി.സി. യിൽ ഒരേ സമയം 58 രോഗികൾ വരെയാവുകയും CFLTC യിൽ ക്വാറന്റൈൻ സൗകര്യം പുനരാരംഭിക്കുകയും ചെയ്തിട്ടുമുണ്ട്.നാളിത് വരെ പഞ്ചായത്തിൽ 16 കോവിഡ് മരണങ്ങൾ ഉണ്ടാവുകയും, ആകെ ജനസംഖ്യ 23,466 യിൽ 3,412 പേർ കോവിഡ് ബാധിതരായിട്ടുമുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭ്യമായതും ചെലവഴിച്ചതുമായ സ്രോതസ്സുകളുടെ വിശദവിവരങ്ങൾ :

| സ്രോതസ്സ് | തുക |
|---|---|
| തനത് ഫണ്ട് | 2,78,938 |
| പ്ലാൻ ഫണ്ട് | 12,36,633 |
| മെയിന്റനൻസ് നോൺ റോഡ് | 14,00,000 |
| CFC ഫണ്ട് | 4,55,830 |
| സംസ്ഥാന സർക്കാർ | 2,05,843 |

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിലും നിർവ്വഹിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഊർജിതമായ ശ്രമം നടന്നതായി ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-19 സ്റ്റാന്റിംഗ് കമ്മിറ്റികൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിശദവിവരങ്ങൾ :

1)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

മാസത്തിലൊരിക്കൽ കമ്മിറ്റി യോഗം ചേരുന്നുണ്ട്.ഇലക്ഷൻ കാരണം 2019-2020ലെ ഡിസമ്പർ മാസം സ്റ്റാന്റിംഗ് കമ്മിറ്റി കൂടിയിട്ടില്ല.ഓരോ മാസങ്ങളിലേയും വരവ്/ചെലവ് പത്രിക യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കി വരുന്നുണ്ട്.വേക്കൻസി റമിഷൻ, ഫ്രണ്ട് ഓഫീസ് സംവിധാനം, തനത് ഫണ്ട് പിരിവ് അവലോകനം എന്നിവ ചർച്ച ചെയ്ത് ഭരണസമിതിയുടെ അറിവിലേക്കും, അനുമതിക്കുമായി സമർപ്പിച്ച് വരുന്നുണ്ട്.

2)വികസന സ്റ്റാന്റിംഗ് കമ്മിറ്റി

മാസത്തിലൊരിക്കൽ കമ്മിറ്റി യോഗം ചേരുന്നുണ്ട്.വാർഷിക പദ്ധതികൾ തയ്യാറാക്കുകയും, മോണിറ്ററിംഗ് നടപടികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നുണ്ട്.പദ്ധതി നിർവ്വഹണം സാധ്യമല്ലാതെ വരുമ്പോൾ സ്പിലോവർ നടപടികൾ സ്വീകരിക്കുവാനുള്ള ചർച്ചകൾ നടത്തി പരിഹാര നടപടികൾ ശുപാർശ ചെയ്ത് വരുന്നുമുണ്ട്.

3)ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പെൻഷൻ അനുവദിക്കുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അംഗീകാരം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.അപേക്ഷകൾ നിരസിക്കുമ്പോഴും, അനർഹരായി പരിഗണിക്കുന്നവരേയും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.

4)ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

സാമ്പത്തിക വർഷങ്ങളിൽ എല്ലാ മാസവും യോഗം കൂടാറുണ്ട്.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്.ഹരിത കർമ്മ സേനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.ആരോഗ്യ/വിദ്യാഭ്യാസ മേഖലകൾക്കുള്ള പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാണെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ചർച്ചാ വിഷയമാക്കി ഫലപ്രദമാണെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.
സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-20 ഗ്രാമ സഭ - അവലോകനം.

ഗ്രാമ പഞ്ചായത്തിലുള്ള 15 വാർഡുകളിലെ ഗ്രാമ സഭകളുടെ പ്രവർത്തനം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
1)ഗ്രാമ പഞ്ചായത്തിലുള്ള 15 വാർഡുകളിലെ ഗ്രാമ സഭകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലൂടെ അനൗൺസ്മെന്റിലൂടേയും, നൊട്ടീസിലൂടേയും, അങ്കണവാടികളിൽ നിയോഗിക്കപ്പെട്ട ജീവനക്കാരിലൂടേയും, വായനശാലയിൽ നൊട്ടീസിലൂടേയും പ്രചരണം സംഘടിപ്പിച്ച് വരുന്നു.ഗ്രാമ സഭാ യോഗം വിളിച്ച് കൂട്ടുന്നതിന്റെ ചുമതല വഹിക്കുന്നത് പ്രസിഡന്റും, സെക്രട്ടറിയുമാണ്.

2)15 വാർഡുകളിലെ ഗ്രാമ സഭകളിലും ആകെ അംഗസംഖ്യയുടെ 10% ക്വോറം യോഗത്തിൽ ചേർന്നിട്ടുണ്ട്.

3)കോവിഡ് പശ്ചാത്തലമായതിനാൽ 2020 ഫെബ്രുവരി മുതൽ 2021 ഫെബ്രുവരി മാസം വരെ പഞ്ചായത്തിൽ ഗ്രാമസഭ ചേർന്നിട്ടില്ല.

4)പഞ്ചായത്തിന്റെ പരിധിയിൽ പട്ടിക വർഗ്ഗം താമസക്കാരായി ഇല്ലാത്തതിനാൽ ഊര് കൂട്ട യോഗം ചേർന്ന് ഗുണഭോക്തൃ തെരഞ്ഞെടുപ്പും ആസൂത്രണ പ്രവർത്തനങ്ങളും നടത്തി വരുന്നില്ല.

5)ഭിന്ന ശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ പ്രസ്തുത വിഭാഗങ്ങളുടെ പ്രത്യേക ഗ്രാമ സഭാ യോഗം 2019-2020 ൽ ചേർന്നിട്ടുണ്ടെങ്കിലും, കോവിഡ് മഹാമാരി കാരണം പിന്നീട് ചേർന്നിട്ടില്ല.

6)ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ഗ്രാമസഭയിൽ അംഗീകാരം ലഭ്യമാക്കി വരുകയും ചെയ്യുന്നുണ്ട്.

7)2019-20 സാമ്പത്തിക വർഷം ഫെബ്രുവരി മാസത്തിൽ പദ്ധതി രൂപീകരണത്തിനായും, ജൂലായ് മാസത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുമായും ഗ്രാമസഭ കൂടിയിട്ടുണ്ട്. 2020-21 ജനുവരിയിൽ വാർഷിക പദ്ധതി രൂപീകരണം, ദുരന്ത നിവാരണം, പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ എന്നിവ ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുമുണ്ട്.മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്കളുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കി വരുന്നുമുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഗ്രാമ സഭ ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞ പക്ഷം ഓരോ 3 മാസത്തിൽ ചേരണ്ടതാണെന്ന് 20.01.2020 ലെ PAN/17316/2019 – J8 (DP) ഉത്തരവ് നിഷ്കർഷിക്കുന്നു.പ്രസ്തുത കാലാവധിക്കുള്ളൽ ഗോഗം ചേരേണ്ടതാണ്.

1-21 കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും തങ്ങളുടെ അധികാരപരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്റ്റ് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായിതന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക ഡിവിഷൻ അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതീയാണ് ഗ്രാമ പഞ്ചായത്ത് അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്),എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് | സൈറ്റ് മാപ്പ് | മോണിറ്ററിംഗ് റിപ്പോർട്ട് | ഫീസിബിലിറ്റി റിപ്പോർട്ട്. | എസ്റ്റിമേറ്റ് റിപ്പോർട്ട് |
|---|---|---|---|---|---|---|
| | SO - 165/20 - അയ്യൊളങ്ങര റോഡ് മെറ്റലിംഗ് ആന്റ് ടാറിങ്ങ് | ഇല്ല | ഇല്ല | ഇല്ല | N .A | |
| | O - 134/20 - കന്നംതൊടി ചക്കുംകുളം റോഡ് | ഇല്ല | ഇല്ല | ഇല്ല | N.A | |

| | | | | | | |
|---|---|---|---|---|---|---|
| | സൈഡ് വാൾ , റീടാറിങ്ങ് | | | | | |
| | SO - 140/20 - മലച്ചി കനാൽ റോഡ് പാർശ്വഭിത്തി സംരക്ഷണം | ഇല്ല | ഇല്ല | ഇല്ല | N.A | |
| | SO - 136/20 - ഒലിങ്കര റോഡ് റീടാറിങ്ങ് | ഇല്ല | ഇല്ല | ഇല്ല | N.A | |

പ്രവൃത്തി പൂർത്തീകരണകാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി,സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെയും മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 മത്സരാധിഷ്ഠിത ടെണ്ടറുകൾ ഫലപ്രദമായി നടത്തുന്നതിലൂടെ സാമ്പത്തികമായ നേട്ടം കൈവരിക്കുന്നു.

തൻവർഷം മരാമത്ത് പ്രവൃത്തികളായി ആകെ 118പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 69 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. ആകെ 37261509രൂ. അടങ്കൽ കണക്കാക്കിയതിൽ 13155906 രൂപ . ആണ് ചെലവഴിച്ചിട്ടുള്ളത്. ( 35%). തൻവർഷം നടത്തിയ ടെണ്ടറുകൾ ഭൂരിപക്ഷവും വളരെയധികം മത്സരാധിഷ്ഠിതമായിട്ടാണ് നടത്തിയിട്ടുള്ളത്. പല ടെണ്ടറുകളും 25%ൽ അധികം കുറവായിട്ടാണ് (31%വരെ കുറവായി ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ട്) ലേലം നടന്നിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ വളരെയധികം തുക ഗ്രാമപഞ്ചായത്തിന് നേട്ടമുണ്ടായിട്ടുണ്ട്. 21-8-2019ൽ നടന്ന ടെണ്ടറിൽ 43 എണ്ണത്തിൽ 36 എണ്ണവും വളരെയധികം താഴ്ന്ന നിരക്കുകൾക്ക് (25% മുത്ൽ കുറവുകളിൽ) ആണ് ലേലം നടന്നിട്ടുള്ളത്. വളരെയധികം വിപുലമായ പരസ്യങ്ങളിലൂടെയും ഫലപ്രദമായ ഇടപെടലുകളിലൂടെയുമാണ് ഇത്തരത്തിൽ മത്സര സ്വഭാവം ഉള്ള ടെണ്ടർ നടപടകൾ സാധ്യമയിട്ടുള്ളത്. തൻവർഷത്തെ ടെണ്ടറുകളിൽ ഉണ്ടായ സാമ്പത്തിക ലാഭത്തിലൂടെ മാത്രം ഏകദേശം 30ൽ അധികം പ്രവൃത്തികൾ അധികം ചെയ്യുന്നതിനുള്ള ധനസമാഹരണം നടന്നിട്ടുണ്ട്. അനുകരണീയമായ ഒരു മാതൃകയാണ് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കാഴ്ചവെച്ചിട്ടുള്ളത്.

## 1-24 മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം

തൻവർഷം മരാമത്ത് പ്രവൃത്തികളായി ആകെ 118പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 69 പ്രോജക്ടുകളാണ് (58%) നടപ്പാക്കിയിട്ടുള്ളത്. ആകെ 37261509രൂ. അടങ്കൽ കണക്കാക്കിയതിൽ 13155906രൂ . ആണ് ചെലവഴിച്ചിട്ടുള്ളത്. (35%). മരാമത്ത് പ്രവൃത്തികളുടെ എണ്ണത്തിന്റെ ശതമാനത്തിലും ചെലവിന്റെ ശതമാനത്തിലും വർദ്ധനവ് വരുത്തുന്നതിൽ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

യഥാസമയം പ്രവൃത്തികളുടെ വെറ്റിംഗ് നടത്തി കിട്ടുന്നതിലെ കാലതാമസവും സ്ഥലങ്ങൾ വിട്ടുകിട്ടുന്നതിൽ മറ്റു വകുപ്പുകളിൽ നിന്ന് വരുന്ന കാലതാമസുവുമാണ് ഇത്തരത്തിൽ സംഭവിക്കുന്നതിന് കാരണമെന്ന് എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഇത്തരം പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനും ഉചിതമായ പരിഹാരമാർഗങ്ങൾ ഉണ്ടാക്കുന്നതിനും പഞ്ചായത്തുകളുടെ കൂട്ടായ യോഗങ്ങളിലും മറ്റു വേദികളിലും ചർച്ച ചെയ്യപ്പെടുകയും പരിഹാര മാർഗങ്ങൾ ഉണ്ടാക്കുന്നതിന് നടപടികൾ ഉണ്ട്ക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1-25 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | 141/20- പഴയ വില്ലേജ് വേമ്പലത്ത് പാടം റോഡ് റീടാറിങ്ങ്, സൈഡ് വാൾ, ഡ്രെയിനേജ് 842410 ബിൽ നം.-56/10-1-2019-680533/- ബിൽ നം.-13/10-5-2020-235968/- | 26-2-2018 | 1-3-2018 | 67/AE/LSGD /CHVA/21-3-2018 കെ. സെയ്തലവി | 8424 | 0 | 8424 |
| 2 | 132/20- നട്ടത്തോടി പറമ്പ് റോഡ് റീടാറിംഗ് , സൈഡ് കെട്ടൽ 301275 ബിൽ നം.-16/10-5-2019-304059/- | 14-8-2018 | 20-8-2018 | 55/AE/LSGD /CHVA/6-9-2018 മുഹമ്മദ് റഫീക്ക് | 3012 | 0 | 3012 |
| 3 | SO - 110/20 - പുതിയ റോഡ് ഒലിങ്കര റോഡ് സൈഡ് വാൾ 266545 56/7-1-2020 , 227424 രൂ. | 21-8-19 | 26-8-19 | 42/AE/LSGD /CHVA/17-9-2019 മുഹമ്മദ് ഷെഫീക്ക്. | 2665 | 0 | 2665 |
| 4 | SO-88/20- പട്ടത്തിൽ കോളനി റോഡ് | 21-8-19 | 26-8-19 | 32/AE/LSGD /CHVA/16-9-2019 | 2508 | 0 | 2508 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 250830<br>40/10-12-2019, 219145/- | | | കെ.ടി.മുഹമ്മദ് ബഷീർ | | | |
| 5. | 137/20- കാഞ്ഞങ്ങാട്ട് പടി റോഡ് കോൺക്രീറ്റ് 290366<br>ബിൽ നം.-2/10-5-2020- 290366/- | 14-8-2018 | 20-8-2018 | 53/AE/LSGD /CHVA/6-9-2018<br>എ.യൂസഫ് സീദ്ധിഖ് | 2903 | 0 | 2903 |
| 6. | 93/20- ഏഴിക്കോട് റോഡ് കോൺക്രീറ്റ് 133308<br>ബിൽ നം.-53/27-12-2019- 110500/- | 21-8-2019 | 26-8-2019 | 43/AE/LSGD /CHVA/26-9-2019<br>ടി.വി. അബ്ദുൾ അസീസ് | 1333 | 0 | 1333 |
| 7 | 39/20- പാലന്നൂർപ്പടി കറുത്തൊടിപ്പടി റോഡ് കോൺക്രീറ്റ് 267465<br>ബിൽ നം.-33/23-10-2019- 215684/- | 21-8-2019 | 26-8-2019 | 43/AE/LSGD /CHVA/17-9-2019<br>ശ്രീജിത്ത്.യൂ. | 2674 | 0 | 2674 |
| 8. | 58/20- കിഴക്കേപ്പാട്ടുതൊടി നെച്ചിക്കൽ റോഡ് കോൺക്രീറ്റ് 265340<br>ബിൽ നം.-34/23-10-2019- 213970/- | 21-8-2019 | 26-8-2019 | 40/AE/LSGD /CHVA/17-9-2019<br>ശ്രീജിത്ത്.യൂ | 2653 | 0 | 2653 |
| 9 | 91/20- പുലാക്കൽ മുക്ക് അംഗൻവാടി റോഡ് കോൺക്രീറ്റ് 267237<br>ബിൽ നം.-37/9-10-2019- 214632/- | 21-8-2019 | 26-8-2019 | 43/AE/LSGD /CHVA/16-9-2019<br>കെ.ടി.ബഷീർ | 2672 | 0 | 2672 |
| 10. | 118/20- ചള്ളയിൽ റോഡ് കോൺക്രീറ്റ് 90611<br>ബിൽ നം.-38/29-10-2019- 75098/- | 21-8-2019 | 26-8-2019 | 36/AE/LSGD /CHVA/16-9-2019<br>എ.അബ്ദുൾ റസാക്ക് | 1000 | 0 | 1000 |
| 11. | 116/20- പണിക്കരുപടി റോഡ് കോൺക്രീറ്റ് 178244<br>ബിൽ നം.-39/29-10-2019- 147729/- | 21-8-2019 | 26-8-2019 | 35/AE/LSGD /CHVA/16-9-2019<br>എ.അബ്ദുൾ റസാക്ക് | 1782 | 0 | 1782 |
| ആകെ | | | | | | | 31626 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 31626രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-26 പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

1. പ്രൊജക്റ്റ് നമ്പരും പേരും: SO - 165/20 - അയ്യോളങ്ങര റോഡ് മെറ്റലിംഗ് ആന്റ് ടാറിങ്ങ്

അടങ്കൽ: – 238000, ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്.(റോഡ്)

ചെലവ്: 233073 , ബിൽ നം. 26/26-7-2019 , 233073 രൂ.

കരാർ നം.56/AE/CHVA/2019-20, Dt: 6-9-2018 -(PAC): 228948, കരാറുകാരൻ: പി. മുഹമ്മദ് മുസ്തഫ.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 5-3-2019

സ്ഥലം കൈമാറിയ തീയ്യതി. 6-9-2018

പൂർത്തീകരിച്ച തീയ്യതി: 22-5-2019, അളവ് പുസ്തകം: 1879/18-19

ആകെ പ്രവൃത്തി മൂല്യം: 233073

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്റ്റിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര  മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2289 (PACയുടെ 1%)

രണ്ടാമത്തെ  ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 4578 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 6867

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 6867

2. പ്രൊജക്ട് നമ്പരും പേരും: SO - 134/20 - കന്നുംതൊടി ചക്കുംകുളം റോഡ് സൈഡ് വാൾ ,

റീടാറിങ്ങ്

അടങ്കൽ: – 300000, ഫണ്ടിനം: മെയിന്റൻസ് ഫണ്ട്.(റോഡ്)

ചെലവ്: 272464 ,  ബിൽ നം. 12/5-4-2019 , 272464 രൂ.

കരാർ നം.23/AE/CHVA/2019-20, Dt: 3-8-2018 -(PAC): 286775, കരാറുകാരൻ: ഹാജാ ഹുസൈൻ.കെ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 2-2-2019

സ്ഥലം കൈമാറിയ തീയ്യതി. 6-9-2018

പൂർത്തീകരിച്ച തീയ്യതി: 27-3-2019, അളവു പുസ്തകം: 1871/18-19

ആകെ പ്രവൃത്തി മൂല്യം: 272464

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര  മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2867 (PACയുടെ 1%)

രണ്ടാമത്തെ  ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 5734 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 8601

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 8601

3. പ്രൊജക്ട് നമ്പരും പേരും: SO - 140/20 - മലച്ചി കനാൽ റോഡ് പാർശ്വഭിത്തി സംരക്ഷണം

അടങ്കൽ: – 160000, ഫണ്ടിനം: മെയിന്റൻസ് ഫണ്ട്.(റോഡ്)

ചെലവ്: 156374 ,  ബിൽ നം. 19/5-4-2019 , 156374 രൂ.

കരാർ നം. 51/AE/CHVA/2017-18, Dt: 3-3-2018 -(PAC): 156374, കരാറുകാരൻ: കെ. പി. ആർമിയ സാഗിർ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 2-5-2018

സ്ഥലം കൈമാറിയ തീയ്യതി. 3-3-2018

പൂർത്തീകരിച്ച തീയ്യതി: 22-3-2019, അളവു പുസ്തകം: 1868/18-19

ആകെ പ്രവൃത്തി മൂല്യം: 156374

3 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ മുക്കാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1564 (PACയുടെ 1%)

രണ്ടാമത്തെ മുക്കാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 3128 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 4692

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 4692

4. പ്രൊജക്ട് നമ്പരും പേരും: SO - 136/20 - ഒലിങ്കര റോഡ് റീടാറിങ്ങ്

അടങ്കൽ: – 292000, ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്.(റോഡ്)

ചെലവ്: 291634 , ബിൽ നം. 15/5-4-2019 , 291634 രൂ.

കരാർ നം. 44/AE/CHVA/2017-18, Dt: 30-8-2018 -(PAC): 283139, കരാറുകാരൻ: ഹാജാ ഹുസൈൻ.കെ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 28-2-2019

സ്ഥലം കൈമാറിയ തീയ്യതി. 30-8-2018

പൂർത്തീകരിച്ച തീയ്യതി: 25-3-2019, അളവു പുസ്തകം: 1870/18-19

ആകെ പ്രവൃത്തി മൂല്യം: 291634

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2831 (PACയുടെ 1%)

ആകെ ഈടാക്കേണ്ടത്: 2831

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 2831

5. പ്രൊജക്റ്റ് നമ്പരും പേരും: SO - 130/20 - പാലാട്ടുപടി മനച്ചിത്തൊടി റോഡ് മെറ്റലിംഗ് ആന്റ് ടാറിങ്ങ്

അടങ്കൽ: – 400000, ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്.(റോഡ്)

ചെലവ്: 347383, ബിൽ നം. 1/5-4-2019 , 347383 രൂ.

കരാർ നം. 12/AE/CHVA/2017-18, Dt: 31-7-2018 -(PAC): 386978, കരാറുകാരൻ: പി. മുഹമ്മദ് മുസ്തഫ.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 30-1-2019

സ്ഥലം കൈമാറിയ തീയ്യതി. 31-7-2018

പൂർത്തീകരിച്ച തീയ്യതി: 19-3-2019, അളവു പുസ്തകം: 1857/18-19

ആകെ പ്രവൃത്തി മൂല്യം: 347383

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 3870(PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 7740 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 11610

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 11610

6. പ്രൊജക്റ്റ് നമ്പരും പേരും: SO - 156/20 - മല്ലൂർത്തൊടി വരാട് പറമ്പ് ഡ്രെയിനേജ്

അടങ്കൽ: – 200000, ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്.(റോഡ്)

ചെലവ്: 161475, ബിൽ നം. 28/26-7-2019 , 161475 രൂ.

കരാർ നം. 18/AE/CHVA/2017-18, Dt: 3-8-2018 -(PAC): 199597, കരാറുകാരൻ: ജാഫറലി

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 2-2-2019

സ്ഥലം കൈമാറിയ തീയ്യതി. 3-8-2018

പൂർത്തീകരിച്ച തീയ്യതി: 20-6-2019, അളവു പുസ്തകം: 1886/18-19

ആകെ പ്രവൃത്തി മൂല്യം: 161475

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1996(PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 3992 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 5988

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 5988

7. പ്രൊജക്റ്റ് നമ്പരും പേരും: SO - 172/20 - ആലാച്ചി റോഡ് പാലം നിർമാണം

അടങ്കൽ: – 200000, ഫണ്ടിനം: മെയിന്റൻസ് ഫണ്ട്.(റോഡ്)

ചെലവ്: 158945, ബിൽ നം. 22/25-6-2019 , 158945 രൂ.

കരാർ നം. 11/AE/CHVA/2017-18, Dt: 31-7-2018 -(PAC): 198801, കരാറുകാരൻ: റഷീദ്.എൻ

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 30-1-2019

സ്ഥലം കൈമാറിയ തീയ്യതി. 31-7-2018

പൂർത്തീകരിച്ച തീയ്യതി: 20-5-2019, അളവു പുസ്തകം: 1877/18-19

ആകെ പ്രവൃത്തി മൂല്യം: 158945

6 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു.

ടി പ്രോജക്റ്റിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 1988(PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 3976 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 5964

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 5964

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 10/21-4-22 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്ന് തുക ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും പിഴ ഇനത്തിൽ ഉള്ള തുക 46553രൂ. ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 04.04.2022 മുതൽ 11.04.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം. | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1062500 | സമഗ്ര നെൽകൃഷി വികസനം | 1062500 | Nil |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 8,00,000 | സമഗ്ര നെൽകൃഷി വികസനം | 8,00,000 | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 1,00,000 | Nil |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 45,498 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 45,498 | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 56,80,825 | ലൈഫ് പദ്ധതി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണം(പട്ടിക ജാതി) | 35,35,372 | 21,54,53 |
| ജില്ലാ പഞ്ചായത്ത് | 2019-2020 | 33,30,082 | ലൈഫ് പദ്ധതി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണം(പട്ടിക ജാതി) | 16,26,211 | 1,70,3871 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകകയും മുൻകൂർ നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി തുകകളൊന്നും ചെലവഴിച്ചിട്ടില്ല.

### 4-5 വായ്പ, വായ്പാ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ച തുക മുതൽ /പലിശ | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കി |
|---|---|---|---|---|---|
| EMS ഭവന നിർമ്മാണം | 24.03.2010 G.O(P)No.1000/2010 | 11,87,000 | 2,63,885 | 1,31,945 | 131940 |
| HUDCO | 18.08.2018 ലെ സ.ഉ(എം.എസ്.)നം.2278/തസ്വഭവ. | 10401244 | 1 0401244 | 982420 | 9418824 |

4-6 സ്ഥിര നിക്ഷേപങ്ങൾ.

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഇയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീതി നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 3-2 | 2,500 | മഞ്ജു.കെ.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ | 119090100901 7.07.2019 |
| 2017-18 | 16 | 1,126 | മുൻ സെക്രട്ടറി, സ്റ്റാലിൻ ഗോമസ് | 119090101271 24.06.2019 |
| 2001-2002 | 3-2 | 3,606 | മുൻ സെക്രട്ടറി, ശ്രീ.ദേവിദാസൻ | 11909010101882 30.06.2019 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അസ്ഥ |
|---|---|---|---|---|
| 2013-14 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ജല സ്രോതസ്സുകളുടെ സംരക്ഷണവും, കുടിവെള്ള വിതരണവും എന്ന പ്രവർത്തനക്ഷമതാ റിപ്പോർട്ടിന് അടിസ്ഥാനമാക്കി തയ്യാറാക്കിയ പരാമർശത്തിൽ നിന്നുമാണ് ഈ ഭാഗം | 2013-14 | 5.1 | കുടിവെള്ള പദ്ധതികൾ പ്രത്യേക അവലോകനം | സമിതി നാളിത് വരെ പരിഗണിച്ചിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 2,34,41,498 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,13,13,985 |
| ആകെ | 8,47,55,483 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,70,36,912 |
| നീക്കിയിരിപ്പ് | 17,71,8,571 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 350000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ് ചെയ്യാവുന്നവ- ഇല്ല.

സർചാർജ് ചെയ്യാവുന്നവ- ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 350000 | ഡോ. സുജിത്ത്, വെറ്റിനറി സർജൻ |
| ആകെ | 350000 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 14339 | ശ്രീമതി. സിജി ജോസ്, അസി. എഞ്ചിനീയർ |
| | 17287 | ശ്രീ. സനകൻ , അസി. എഞ്ചിനീയർ |
| 1-26 | 46553 | ശ്രീമതി. സിജി ജോസ്, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിജി ജോസ്, അസി. എഞ്ചിനീയർ | ലഭ്യമല്ല. | തെക്കേക്കര തരകൻ ഹൗസ് മാനവൽ ശാന്തി വിഹാർ പൊട്ടോരി തൃശ്ശൂർ 680581 |
| ശ്രീ. സനകൻ , | ലഭ്യമല്ല. | പുത്തൻവിള വീട് |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | | നെടുമ്പറമ്പ് പി.ഓ.<br>ആലങ്ങോട്<br>തിരുവനന്തപുരം |
| ഡോ. സുജിത്ത്,<br>വെറ്റിനറി സർജൻ | ലഭ്യമല്ല. | സപരയ<br>ഗുരുവായൂരപ്പൻ<br>നഗർ<br>കുളപ്പുള്ളി<br>ഷൊർണൂർ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | 408/12/17.02.2012 | 3 |
| 1997-98 | 408/12/17.02.2012 | 7 |
| 1998-99 | 408/12/17.02.2012 | 8 |
| 1999-00 | 408/12/17.02.2012 | 5 |
| 2000-01 | 408/12/17.02.2012 | 14 |
| 2001-02 | 408/12/17.02.2012 | 9 |
| 2002-03 | 408/12/17.02.2012 | 6 |
| 2003-04 | LFP 14/1753 /08/24.10.2009 | 11 |
| 2004-05 | LFP 14/1643/11/29.09.11 | 8 |
| 2005-06 | LFP 14/1643/11/29.09.11 | 6 |
| 2006-07 | LFP 14/58/2009 /26.03.09 | 13 |
| 2007-08 | LFP16 /2024/12/16.07.13 | 7 |
| 2008-09 | LFP16/612/12/16.08.13 | 10 |
| 2009-10 | LFP16/1298/13/05.02.14 | 12 |
| 2010-11 | LFP16/1298/13/05.02.14 | 13 |
| 2011-12 | LFP16/1275/14/07.10.14 | 12 |
| 2012-13<br>2013-14<br>2014-15 | KSA-PKD-P16/1236/16/ 20.07.16 | 19 |

| | | |
|---|---|---|
| 2015-16 | KSA PKD-16-1885/16 /5-10-16 | 14 |
| 2016-17 | KSA PKD-16/1652/2017 Dt.25-08-17 | 30 |
| 2017-18 | KSA PKD-16/313/2019 Dt.12-04-19 | മുഴുവൻ ഖണ്ഡികകളും |
| 2018-19 | KSA PKD-16/1413/2019 Dt.4-5-2020 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം.

| | | | |
|---|---|---|---|
| | Chalavara Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 15701932.48 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 659262.00 |
| 312000000 | Reserves | B-3 | 52806134.00 |
| | Total Reserve & Surplus | | 69167328.48 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10572806.00 |
| | Total Grants, Contributions for Specific Purposes | | 10572806.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9550764.00 |
| | Total Loans | | 9550764.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 420030.00 |
| 350000000 | Other Liabilities | B-9 | 1591606.52 |
| | Total Current Liabilities and Provisions | | 2011636.52 |
| | TOTAL LIABILITIES | | 91302535.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77753106.00 |
| 411000000 | Accumulated Depreciation | B-11 | -14564278.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 63188828.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 132587.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 9550764.00 |
| 450000000 | Cash and Bank Balance | B-17 | 17718571.00 |
| 60000000 | Loans, Advances and Deposits | B-18 | 711785.00 |
| | Total Current Assets, Loans and Advances | | 0.0 |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 28113707.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 91302535.00 |

| | | | |
|---|---|---|---|
| | Chalavara Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3442471.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | I-2 | 0.0 |
| 140000000 | Fee & User Charges | I-4(b) | 1429539.00 |
| 150000000 | Sale & Hire Charges | I-5(b) | 815974.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 64919.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 87856384.00 |
| 171000000 | Interest Earned | I-8 | 187951.00 |
| 180000000 | Other Income | I-9 | 85140.00 |
| | Total Income | | 93882378.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9571568.00 |
| 220000000 | Administrative Expenses | I-11(b) | 873120.00 |
| 230000000 | Operations & Maintenance | I-12(b) | 2197291.00 |
| 240000000 | Interest & Finance Charges | I-13 | 985.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 6731866.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42230089.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 346184.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 561588.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 20337080.00 |
| 255000000 | Maintenance Projects | I-14(e) | 8081316.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 18.00 |
| 272000000 | Depreciation | I-17(a) | 5921483.00 |

| | | | |
|---|---|---|---|
| | Total Expenditure | | 96852588.00 |
| | Gross Surplus/ Deficit of income over Expenditure | | -2970210.00 |
| 280000000 | Prior Period Item | I-18 | -6687146.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3716936.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | Chalavara Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23391011.00 |
| Cash | Cash | RP-40(a) | 50487.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 860850.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | RP-2 | 0.0 |
| 140000000 | Fees & User Charges | RP-4 | 1326520.00 |
| 150000000 | Sale & Hire Charges | RP-5 | 815474.00 |
| 151000000 | Receipts from Transferred Institutions | RP-6 | 64919.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 41433753.00 |
| 171000000 | Interest Earned | RP-9 | 187951.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7832164.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 69060.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 13714.00 |
| 311000000 | Earmarked Funds | RP-29 | 37965.00 |
| 330000000 | Secured Loans | RP-32 | 5640000.00 |
| 340000000 | Deposits Received | RP-34 | 200197.00 |
| 350000000 | Other Liabilities | RP-36 | 232022.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2488346.00 |
| 460000000 | Loans, Advances and Deposits | RP-47 | 111050.00 |
| | Grand total | | 84755483.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3500010.00 |
| 220000000 | Administrative Expenses | RP-12 | 873120.00 |
| 230000000 | Operations & Maintenance | RP-13 | 2041481.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5915892.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 29417393.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 346184.00 |
| 253000000 | Decentralised Plan Programme- Projects not included in<br><br>Sector Division | RP-18 | 78360.00 |
| 254000000 | Expenditures of Transferred institutions and State Sponsored<br><br>Schemes | RP-19 | 16680.00 |
| 255000000 | Maintenance Projects | RP-20 | 8081316.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 18.00 |
| 280000000 | Prior Period item | RP-26 | -49990.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1212320.00 |
| 350000000 | Other Liabilities | RP-36 | 6202140.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 985.00 |
| 280000000 | Prior Period Item | RP-26 | -600.00 |
| 311000000 | Earmarked Funds | RP-29 | 12431.00 |
| 330000000 | Secured Loans | RP-32 | 41244.00 |
| 340000000 | Deposits Received | RP-34 | 5500.00 |
| 350000000 | Other Liabilities | RP-36 | 1602120.00 |
| 410000000 | Fixed Assets | RP-38 | 6315687.00 |
| 412000000 | Capital work in Progress | RP-40 | 35686.00 |
| 460000000 | Loans, Advances and Deposits | RP-47 | 1388935.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17718571.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 84755483.00 |

ഡെപ്യൂട്ടി ഡയറക്ടർ